# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1246

03 .12.2015-ൽ
മറുപടിയ്ക്ക്

## 'ഭൂനികുതി ഓൺലൈനായി അടയ്ക്കൽ'

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. ലൂഡി ലൂയിസ്

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(എ) ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് ഏർപ്പെടുത്തുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu System) സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഉടൻ നിലവിൽ വരുന്നതാണ്. സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നിലവിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പോക്കുവരവ് 31/03/2016-നകം സംസ്ഥാനത്തെ 420 വില്ലേജുകളിലേയ്ക്കു കൂടി ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിലെ ഭൂനികുതി ഒടുക്ക് തുടങ്ങി വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യൂ ഭരണത്തിന് കളമൊരുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. സർക്കാരിനും പൊതുജനത്തിനും ഒരു പോലെ ഉപകാരപ്രദമായ ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേയ്ക്ക് പിരിഞ്ഞു കിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക. എങ്കിലും സമീപഭാവിയിൽത്തന്നെ

വില്ലേജ് ഓഫീസിലേയ്ക്ക് പിരിഞ്ഞുകിട്ടേണ്ട മറ്റു നികുതികളും ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ, വില്ലേജ് ഓഫീസിൽ നിന്നും സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതായ വിവിധ റിപ്പോർട്ടുകൾ വളരെ ച്ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ലഭ്യമാക്കാം എന്ന കാരണത്താൽ വില്ലേജ് ഓഫീസുകളിലെ ജോലിഭാരവും ഒരു പരിധിവരെ ഈ സംവിധാനത്തിലൂടെ കുറയ്ക്കാവുന്നതാണ്.

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) വില്ലേജ് ഓഫീസിലേയ്ക്ക് അടയ്ക്കേണ്ട/ പിരിഞ്ഞു കിട്ടേണ്ട നികുതികളും മറ്റു തുകകളും സ്വഗൃഹത്തിലിരുന്നു തന്നെ കമ്പ്യൂട്ടറിൻേറയോ സ്മാർട്ട് ഫോണിൻേറയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന വിപ്ലവകരമായ ഒരു പരിഷ്കാരമാണ് ഇത്. ഇതിലേയ്ക്കായി നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചു കൊണ്ട് മറ്റു ചെലവുകളില്ലാതെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതിക്കാവശ്യമായ സോഫ്റ്റ് വെയറായ റവന്യു ലാന്റ് ഇൻഫർമേഷൻ സിസ്റ്റം രണ്ടാം പതിപ്പ് (ReLIS ver 2.0) വികസിപ്പിച്ചെടുത്തിട്ടുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും വികസിപ്പിച്ചെടുക്കുന്നത്. ആയത് അന്ത്യഘട്ടത്തിലുമാണ്. ഈ സോഫ്റ്റ് വെയർ സംവിധാനം പൂർണ്ണമായും ഉപയോഗക്ഷമമാകുന്നതോടു കൂടി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും നിലവിൽ വരുന്നതാണ്.

സെക്ഷൻ ഓഫീസർ